6/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1516*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13072**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.ഇമാം ഗ്രിഗോറിയസ് കാരാട്ട്,**
**അഡ്വക്കേറ്റ്, കാരാട്ട് ഹൗസ്, മാലംകുളം,**
**പയ്യനാട് പി.ഒ., മഞ്ചേരി,**
**മലപ്പുറം, പിൻ – 676 122.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&**
**റേഞ്ച് ഫോറസ്റ്റ് ഓഫീസർ,**
**കുറ്റ്യാടി പി.ഒ., കോഴിക്കോട്.**

2. **അപ്പീൽ അധികാരി&**
**ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,**
**സിവിൽ സ്റ്റേഷൻ, കോഴിക്കോട്.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.03.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 12.05.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 12.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 25.08.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.11.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 18.11.2020 |
| ഹിയറിംഗ് നടന്ന തീയതി | 16.12.2022, വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

**അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന്**

സമർപ്പിച്ച ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട വിവരം/രേഖകൾ ലഭ്യമാക്കിയില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 20.03.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ജാനകിക്കാട് ഇക്കോടൂറിസം സെന്ററിലെ സന്ദർശക രജിസ്റ്റർ സംബന്ധിച്ച് ചില വിവരങ്ങളാണ്. ആയതിന് 12.05.2020ന് മറുപടി നൽകിയതായി കാണുന്നു.

3. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ചിരുന്ന ഒന്നാം അപ്പീലിന് 25.08.2020ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, കോഴിക്കോട് വനം ഡിവിഷൻ ടൂറിസം സെന്ററിലെ ഏതെങ്കിലും സന്ദർശക/വാഹന എൻട്രി രജിസ്റ്റർ സൂക്ഷിക്കാറുണ്ടോ എന്നും ഉണ്ടെങ്കിൽ 26.01.2020ലെ പ്രസ്തുത സന്ദർശക രജിസ്റ്ററിന്റെ കോപ്പിയും അതുപോലെ പ്രസ്തുത വാഹന എൻട്രി രജിസ്റ്ററിന്റെ കോപ്പിയുമാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നാണ്. എന്നാൽ പ്രസ്തുത സന്ദർശക രജിസ്റ്റർ ഉണ്ടെന്നും 26.01.2020ന് 5 കുട്ടികളടക്കം 151 പേർ സന്ദർശിച്ചിട്ടുണ്ടെന്ന വിവരം നൽകുകയും ആയതിന്റെ പകർപ്പ് വിവരാവകാശ നിയമം 8(i)(j) പ്രകാരം നിഷേധിക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രസ്തുത തീരുമാനത്തിന് എതിരെയാണ് ടിയാൻ അപ്പീൽ സമർപ്പിച്ചിട്ടുള്ളതെന്നുമാണ്.

പ്രസ്തുത കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ രേഖകളും പരിശോധിച്ചതിൽ,

1) സന്ദർശക രജിസ്റ്റർ/രജിസ്റ്ററിന്റെ ഉള്ളടക്കങ്ങൾ ഒരു പൊതു രേഖയാണോയെന്നും
2) എങ്കിൽ ആയതിൽ വൈയക്തിക വിവരങ്ങൾ ഉണ്ടോയെന്നും
3) ഓരോ സന്ദർശകന്റെയും (Individual Visitor) ന്റെ പേര്, അഡ്രസ്സ്, ഫോൺ നമ്പർ എന്നിവ നൽകുന്നത് വിവരാവകാശ നിയമം 8(i)(j) പ്രകാരം അനുവദനീയമാണോ എന്നീ കാര്യങ്ങൾ പരിശോധിച്ചതിൽ,

പോയിന്റ് (1) സംബന്ധിച്ച്: സന്ദർശക രജിസ്റ്റർ/രജിസ്റ്ററിലെ വിവരങ്ങൾ ഒരു പൊതുരേഖയാണോ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുന്ന ആൾക്കാരുടെ പേരു വിവരങ്ങൾ ശേഖരിക്കുന്നത് ആവശ്യമായ സ്ഥിതി വിവരക്കണക്കിനും (എത്ര പേർ സന്ദർശിച്ചു) എന്നത് ഒരു പൊതു രേഖയായി കണക്കാക്കണമെന്നും എന്നാൽ അതിലെ വൈയക്തിക വിവരങ്ങൾ, പേര്, വിലാസം, ഫോൺ നമ്പർ തുടങ്ങിയവ സന്ദർശന കേന്ദ്രത്തിന്റെയും അതോടൊപ്പം സന്ദർശകരുടെയും പൊതുവായ സുരക്ഷാ സംബന്ധിച്ച കാര്യങ്ങൾക്കായാണ് ശേഖരിക്കുന്നതെന്നും അതുകൊണ്ട്തന്നെ രജിസ്റ്റർ ഒരു പൊതു രേഖയായി പൂർണ്ണമായും പ്രത്യേകിച്ച് അതിലെ വ്യക്തിഗത വിവരങ്ങൾ മുഴുവനും പൊതു രേഖയായി കണക്കാക്കാൻ പറ്റില്ലെന്നുമാണ്.

പോയിന്റ് 2, രേഖ വൈയക്തിക വിവരങ്ങൾ ആണോയെന്നതിന് രജിസ്റ്ററിൽ പ്രധാനമായും പേര്, വിലാസം ഫോൺ നമ്പർ തുടങ്ങിയവയാണ് എഴുതുന്നതെന്നും ആയത് വ്യക്തിഗത വിവരങ്ങൾ തന്നെയാണെന്നുമാണ്.

പോയിന്റ് 3, വ്യക്തിഗത വിവരങ്ങൾ നൽകാൻ സെക്ഷൻ 8(i)(j) പ്രകാരം അനുവദനീയമാണോയെന്നതിന് ഒരാളുടെ പേര്, വിലാസം, ഫോൺ നമ്പർ തുടങ്ങിയവ വ്യക്തിഗത വിവരങ്ങളാണെന്നും വ്യക്തിഗത വിവരങ്ങൾ പൊതു താല്പര്യം ഉണ്ടെങ്കിൽ മാത്രം നൽകാവുന്നതാണെന്നുമാണ്. കൂടാതെ അപേക്ഷ പരിശോധിച്ചതിൽ 26.01.2020ലെ സന്ദർശക ലിസ്റ്റിൽ എന്തെങ്കിലും പൊതു താല്പര്യം ഉള്ളതായി ബോധ്യപ്പെടുന്നില്ലെന്നും അവ നൽകുകയാണെങ്കിൽ അന്നേദിവസം സന്ദർശിച്ച എല്ലാവരുടെയും പേര്, വിലാസം,ഫോൺ നമ്പർ തുടങ്ങിയവ വ്യക്തിഗത വിവരങ്ങൾ പരസ്യപ്പെടുത്തുകയാണ് ചെയ്യുന്നതെന്നും ഇത് അവരുടെ സ്വകാര്യതയും മറ്റും പുറത്താക്കുകയാണ് ചെയ്യുന്നതെന്നുമാണ്.

മേൽപ്പടി കാര്യങ്ങൾ പരിഗണിച്ചാൽ വ്യക്തിഗത വിവരങ്ങൾ മാത്രം ഉൾക്കൊള്ളുന്ന 26.01.2020ലെ രജിസ്റ്ററിന്റെ പകർപ്പ് എസ്.പി.ഐ.ഒ., കുറ്റ്യാടി റെയിഞ്ച് ഓഫീസ്, സെക്ഷൻ 8(i)(j) പ്രകാരം നിഷേധിച്ചതിൽ അപാകത കാണുന്നില്ലെന്നാണ്.

പ്രസ്തുത കാരണത്താൽ ടി അപ്പീൽ തള്ളി ഉത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന് തൃപ്തികരമായ മറുപടി ലഭ്യമായില്ലെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ 6(1) അപേക്ഷയ്ക്ക് മറുപടി നൽകിയതിൽ കാലതാമസം ഉള്ളതായി കമ്മീഷനു ബോധ്യമാകുന്നു. കൂടാതെ 8(i)(j) പ്രകാരം Visitors Register നൽകാൻ കഴിയുകയില്ല എന്ന് 06.07.2020ലെ മറുപടിയിലാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. ടി വീഴ്ച വിവരാവകാശ നിയമപ്രകാരം ഗുരുതരമാകയാൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്ക് വീഴ്ച സംഭവിച്ചതായി കമ്മീഷനു ബോധ്യമാകുന്നു. ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/